മിസ്റ്റർ പറമ്പി ലോനപ്പൻ: സല്പമായ നെറവന്നാലും ചെയ്ത പണിക്ക പണം കൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് ആര് മിനിസ്റ്ററായിരുന്ന കാലത്താണു് ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മിസ്റ്റർ ടി. കെ. നായർ.

മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: ഈ പണികൊണ്ടു് ഒരു കൊതുകെങ്കിലും ചത്തതായിട്ടു ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എത്ര കൊതുകു ചത്തു എന്നു കണക്കെടുത്തിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതുകൊണ്ടു് കൊതുകിനെ നശിപ്പിക്കാമെന്നു പറഞ്ഞ ഗവമ്മെണ്ടിന്റെ ഉദ്യോഗസ്ഥൻ ഏതാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കൊതുകു ഗവമ്മെണ്ടുദ്യോഗസ്ഥന്മാർകാരണം കൊല്ലപ്പെടുകയില്ല.

INDUSTRIAL SCHOOL HEADMASTER—QUALIFICATIONS FOR

ക ന മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രയിൽസ് സ്കൂൾ ഹെഡ്മാസ്റ്റർക്കു് ആവശ്യമായ പരീക്ഷായോഗ്യത എന്തു;

(ബി) മദ്രാസ്സു് സർവ്വകലാശാലയിൽനിന്നു ഡ്രായിങ്ങു് ഹയർ (Drawing Higher) പരീക്ഷ പാസ്സായിട്ടുള്ളവരെ ഇൻഡസ്ട്രിയൽ സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കാറുണ്ടോ:

(സി) ഇൻഡസ്ട്രയിൽ സ്കൂളിൽ ഡ്രായിങ്ങു് മാസ്റ്റർമാരുടെ ശമ്പളഗ്രേഡ് എന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) പത്താംക്ലാസ്സു് ജയിച്ചിരിക്കണം. ഏതു വിഷയത്തിൽ പഠിപ്പിക്കുന്നുവോ ആ വിഷയത്തിൽ സർക്കാർ പബ്ലിക്കു് ഇൻഡസ്ട്രിയൽ പരീക്ഷയിൽ ഹൈയർ ഗ്രേഡായി പാസ്സായിരിക്കണം.

(ബി) ഇല്ല.

(സി) (ക) ക. ഘ ഠ

(ഘ) ക. ഘ ഠ— ക$\frac{1}{2}$—ന ങ

(ന) ക. ഘ ഠ— ക$\frac{1}{2}$— ങ ഠ

(ങ) ക. ങ ഠ—ഘ—ന ഠ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഇപ്പോഴുള്ള ഹെഡ്മാസ്റ്റർ എല്ലാവരും പത്താംക്ലാസ്സു് ജയിച്ചിട്ടുള്ളവരാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചിലർക്കു് എക്സംഷൻ കൊടുത്തിട്ടുണ്ടു്. ബാക്കിയുള്ളവർ പത്താംക്ലാസു് പാസ്സായിട്ടുള്ളവരാണു്.

MIDWIFERY—QUALIFICATIONS FOR

ക ഘ ങ. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മേണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മിഡ്വൈഫറിക്കു് ഏറവും കുറഞ്ഞ പരീക്ഷായോഗ്യത എന്തു;

(ബി) നഴ്സുമാക്കുള്ള കുറഞ്ഞ പരീക്ഷായോഗ്യത എന്തു;

(സി) ഓരോരുത്തരുടേയും ശമ്പളത്തോതു് എന്തു;

(ഡി) നഴ്സുമാരുടേയും മിഡ്വൈഫുമാരുടേയും ട്രെയിനിങ്ങുകാലത്തു് ഏതുതോഷയിലാണു് അവരെ പഠിപ്പിക്കുന്നതും പരീക്ഷിക്കുന്നതും;

(ഇ) ബ്രിട്ടീഷിന്ത്യയിൽ മിഡ്വൈഫുമാക്കുള്ള പരീക്ഷായോഗ്യത എന്തു;

(എഫ്) ക ക ഠ-ൽ പഞ്ചായത്തു മിഡ്വൈഫറിക്കു് എത്രപേരെ ട്രെയിനിങ്ങിന്നു് എടുത്തിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly